©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2016 ഡിസംബർ 20<br>20th December 2016<br>1192 ധനു 5<br>5th Dhanu 1192<br>1938 അഗ്രഹായനം 29<br>29th Agrahayana 1938 | നമ്പർ<br>No. 2220 |

## കേരള സർക്കാർ

<u>റവന്യൂ (ദേവസ്വം) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 602/2016/റവ. *തിരുവനന്തപുരം, 2016 ഡിസംബർ 20.*

**എസ്. ആർ. ഒ. നമ്പർ 770/2016.**—2015 മാർച്ച് 13-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 104/2015/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2015 മാർച്ച് 13-ാം തീയതിയിലെ 539-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 125/2015 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള സർക്കാർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും പ്രസ്തുത ബോർഡിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുകയും ചെയ്തിട്ടുള്ളതിനാലും;

2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിലെ (2016-ലെ 22) 5-ാം വകുപ്പ് പ്രകാരം പ്രസ്തുത ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങളും 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായിത്തീരുമെന്നതിനാലും;

33/4196/2016/S-15.

പ്രസ്തുത ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും, ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായ ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, എന്നതിനാലും;

ഇപ്പോൾ, അതിനാൽ, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിന്റെ (2015-ലെ 16) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെപ്പറയും പ്രകാരമുള്ളവരെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ ചെയർപേഴ്സണും അംഗങ്ങളുമായി ഇതിനാൽ നാമനിർദ്ദേശം ചെയ്യുകയും, അതനുസരിച്ച് പ്രസ്തുത വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുകയും ചെയ്യുന്നു, അതായത്:—

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ നിലവിലുള്ള 1 മുതൽ 5 വരെയുള്ള ക്രമനമ്പരുകൾക്കും അവയ്ക്ക് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| 1. | അഡ്വ. എം. രാജഗോപാലൻ നായർ,<br>കല്യാൺ, ബി.എൻ.ആർ.എ. 184-എ<br>ഗോൾഫ് ലിങ്ക്സ് റോഡ്, കവടിയാർ,<br>തിരുവനന്തപുരം | : | ചെയർപേഴ്സൺ |
| 2. | ശ്രീമതി ജി. എസ്. ഷൈലാമണി,<br>മാനസരോവർ, കെ. ബി. നഗർ-239,<br>തെക്കേവിള പി. ഒ., കൊല്ലം | : | അംഗം |
| 3. | ശ്രീ. പി. സി. രവീന്ദ്രനാഥ്,<br>പയ്യപ്പിള്ളി ഹൗസ്,<br>മാടായിക്കോണം പി. ഒ.,<br>ഇരിങ്ങാലക്കുട, തൃശ്ശൂർ | : | അംഗം. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015 മാർച്ച് 13-ാം തീയതിയിലെ സ.ഉ.(പി) നമ്പർ 104/2015/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2015 മാർച്ച് 13-ാം തീയതിയിലെ 539-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 125/2015 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും, പ്രസ്തുത ബോർഡിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുകയും ചെയ്തിരുന്നു. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിലെ (2016-ലെ 22) 5-ാം വകുപ്പ് പ്രകാരം ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങളും 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായിത്തീരുന്നതാണ്. പ്രസ്തുത ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും, ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായ ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത ആക്റ്റിന്റെ പ്രസ്തുത വ്യവസ്ഥയനുസരിച്ച് പ്രസ്തുത ബോർഡിലേക്ക് ചെയർപേഴ്സണെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

### Revenue (Devaswoms) Department

### NOTIFICATION

G. O. (P) No. 602/2016/RD.

*Dated, Thiruvananthapuram, 20th December, 2016.*

**S. R. O. No. 770/2016.**—Whereas, the Government of Kerala as per notification issued under G.O.(P)No.104/2015/RD dated 13th March, 2015 and published as S.R.O. No.125/2015 in the Kerala Gazette Extraordinary No. 539 dated 13th March, 2015 constituted the Kerala Devaswom Recruitment Board and nominated the members to the said Board;

AND WHEREAS, by virtue of section 5 of the Kerala Devaswom Recruitment Board Act, 2015 (16 of 2015) the existing Chairperson and members of the said Board shall ceased to hold office as such from the date of commencement of the Kerala Devaswom Recruitment Board (Amendment) Act, 2016;

AND WHEREAS, as per sub-section (3) of section 3 of the Kerala Devaswom Recruitment Board Act, 2015 (16 of 2015) amended by the said Act, the Board shall consist of a Chairperson and two members nominated by the Government who belong to Hindu religion and having faith in God and Temple Worship;

NOW, THEREFORE, in exercise of the powers conferred by sub-section (3) of section 3 of the Kerala Devaswom Recruitment Board Act, 2015 (16 of 2015), the Government of Kerala hereby nominate the following persons as Chairperson and members of the Kerala Devaswom Recruitment Board and consequently make the following amendment to the said notification, namely:—

AMENDMENT

In the said notification, for the existing serial numbers 1 to 5 and entries against them the following serial numbers and entries shall be substituted, namely:—

1. Adv. M. Rajagopalan Nair, Kalyan, B.N.R.A. 184-A, Golf Links Road, Kowadiar, Thiruvananthapuram : Chairperson
2. Smt. G. S. Shylamani, Manasarovar, K. B. Nagar-239, Thekkevila P. O., Kollam : Member
3. Shri. P. C. Raveendranath Payyappilli House, Madayikkonam P. O., Irinjalakkuda, Thrissur : Member.

By order of the Governor,

K. R. JYOTHILAL,
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Kerala Devaswom Recruitment Board was constituted and the members were nominated to the said Board as per notification issued under G. O. (P) No. 104/2015/RD dated 13th March, 2015 and published as S. R. O. No.125/2015 in the Kerala Gazette Extraordinary No. 539 dated 13th March, 2015. As per section 5 of the Kerala Devaswom Recruitment Board (Amendment) Act, 2016 (22 of 2016) the existing Chairperson and members of the Board at the commencement of the Kerala Devaswom Recruitment Board (Amendment) Act, 2016 shall ceased to hold office from the date of commencement of the Act. As per sub-section (3) of section 3 of the Kerala Devaswom Recruitment Board Act, 2015 (16 of 2015), the Board shall have a Chairperson and two members nominated by the Government who belong to Hindu religion and having faith in God and Temple Worship. Therefore, as per the said provision of the said Act, the Government have decided to nominate Chairperson and members to the said Board.

The notification is intended to achieve the above object.